പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 2024

08/03/2018 ൽ

മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നവീകരണ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) മുഖേന നടത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യ നവീകരണ പദ്ധതികൾ വ്യവസായ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളിലാണ് നിലവിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്; | ബി) നവീകരണ വിപുലീകരണ പദ്ധതികൾ നടത്തുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) ഇതിലൂടെ പ്രസ്തുത കമ്പനികളുടെ നഷ്ടം കറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ യെന്ന് വിശദമാക്കാമോ; | സി) 2016-17 സാമ്പത്തിക വർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.<br><br>2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ |

| | | |
|---|---|---|
| | | പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു.<br><br>2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു.<br><br>2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.19 കോടിരൂപയാണ്. KMML, TTPL, TCCL, KSIDC എന്നീ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനമാണ് ഈ നേട്ടം കൈവരിക്കുവാനുള്ള പ്രധാന കാരണം. KMML 2015-16ൽ 3.27 കോടി രൂപയുടെ ലാഭം ഉണ്ടാക്കിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം ലാഭം 40.37 കോടിരൂപയായി ഉയർന്നു. കൂടാതെ 2017-18-ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ KMML 136.05 കോടിരൂപയുടെ റെക്കോർഡ് ലാഭവും നേടുകയുണ്ടായി. |
| ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിന് റിയാബിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) ഉണ്ട്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനായുള്ള അനുബന്ധ ജോലികൾ നിർവ്വഹിക്കുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പൊതുമേഖലയിൽ നടപ്പിലാക്കിവരുന്ന പ്രധാന വികസന പദ്ധതികൾ

- **കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്** - നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി Oxygen Plant capacity enhancement, distributed control system, energy efficient tickle pre heaters, fire hydrant system മുതലായ 64 കോടി രൂപയുടെ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 6.15 കോടി രൂപയുടെ conversion of LPG system into LNG system പദ്ധതി പുരോഗമിക്കുന്നു.

**1. പിഗ്മൻറ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ**

കമ്പനിയുടെ നിലവിലുള്ള പിഗ്മൻറ് ഉൽപ്പാദനശേഷി പ്രതിവർഷം 40,000 ടണ്ണിൽ നിന്നും പ്രതിവർഷം 60,000 ടൺ എന്ന നിലയിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് ഫെഡോ സമർപ്പിച്ചിട്ടുണ്ട്. അതിൻെറ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

**2. ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കൽ**

വർദ്ധിച്ചു വരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹ സങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതു മണലിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കോംപ്ലെക്സ് സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ പന്മന വില്ലേജിലെ 180 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തി. 3500 കോടിരൂപ മതിപ്പ് ചെലവ് വരുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെയർമാൻ റിയാബ് അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും പദ്ധതിയുടെ മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനുവേണ്ടി ക്രിസിൽ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. ക്രിസിൽ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് തത്വത്തിൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരി ൽ സമർപ്പി ച്ചിട്ടുണ്ട്.

- **മലബാർ സിമൻറ്സ് ലിമിറ്റഡ്** - Cochin Port Trust-ൽ നിന്നും പാട്ടത്തിനെടുത്ത 7 ഏക്കർ സ്ഥലത്ത് സിമൻറും, സിമൻറുൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ മുതലായവ കൈകാര്യം ചെയ്യുന്നതിനായുള്ള 285 കോടിരൂപയുടെ Cement and allied materials handling പദ്ധതി സ്ഥാപിക്കുന്നതിനുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. വാളയാർ യൂണിറ്റിൽ നിലവിലുള്ള ശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ 230 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

- **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്** - നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി കോപ്പറസ് റിക്കവറി പ്ലാൻറ് നടപ്പിൽ വരുത്തുന്നതിന് 16 കോടി രൂപയും ടൈറ്റാനിയം ഡയോക്സൈഡ് പ്ലാൻറിൻെറ കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവെയ്ക്കുന്നതിനും Sulphuric acid plant ൻെറ നവീകരണത്തിനും 10 കോടി രൂപയും ചേർത്ത് 26 കോടി രൂപയുടെ പദ്ധതിയ്ക്ക് 2017-18ൽ അംഗീകരിക്കുകയും, 24 കോടി രൂപ സർക്കാരിൽ നിന്ന് നൽകുന്നതിനുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

- **ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് :** ഈ സാമ്പത്തിക വർഷം HCL Synthesis unit ആരംഭിക്കുന്നതിനുള്ള 10.23 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതോടൊപ്പം വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപാദനശേഷി പ്രതിദിനം 175 ടണ്ണിൽ നിന്ന് 225 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനായി 50 കോടിയുടെ വിശദമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

- **ടെക്സ്റ്റൈൽ മേഖലയിലെ** പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

  2017-18ൽ സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് 30 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായം ഇതിനോടകം നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിൻെറ അധീനതയിൽ 2011ൽ സ്ഥാപിതമായ 3 ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 31 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ ടെക്സ്റ്റയിൽ മില്ലുകൾക്ക് അറ്റകുറ്റപണികൾക്കായി 11.60 കോടിയോളം രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

  ഗുണമേന്മയുള്ള പഞ്ഞി കുറഞ്ഞവിലയ്ക്ക് പരുത്തിയുടെ വിളവെടുപ്പ് കാലയളവിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി 30 കോടിരൂപയുടെ പദ്ധതി സർക്കാരിൻെറ പരിഗണനയിലാണ്.

- **ട്രാക്കോ കേബിൾ കമ്പനി:** കമ്പനിയുടെ തിരുവല്ലയിലേയും, ഇരിമ്പനത്തേയും യൂണിറ്റുകളുടെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു ഓർഡറുകൾ

കൃത്യതയോടെ സമയബന്ധിതമായി ചെയ്യുന്നതിനുവേണ്ട അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും യൂണിറ്റിന്റെ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള 10 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിനടത്തിപ്പിനായുള്ള ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

- **കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി:** 2017-18ൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാൻറിന്റെ നവീകരണത്തിനും, കുണ്ടറയിലെയും, ഒലവക്കോടിലെയും യൂണിറ്റുകളുടെ നവീകരണത്തിനുമുള്ള 18 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 3.6 കോടി രൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിനടത്തിപ്പിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

- **ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ് (ടെൽക്ക്):** ആധുനികവൽക്കരണത്തിന്റെ ഭാഗമായി വേപ്പർ ഡ്രയിങ് പ്ലാൻറ് സ്ഥാപിക്കുന്നതിനായി 2017-18ൽ 10 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിനടത്തിപ്പിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

- **കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ:** കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻജക്ടബിൾസ്, പേരൻററിൽ മരുന്നുകൾ ഹോസ്പിറ്റൽ ഡിഡ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി ഘട്ടംഘട്ടമായി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 28.15 കോടി രൂപയുടെ നോൺ-ബീറ്റാലാക്ടം പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതിന്റെ ഭാഗമായി 14 കോടി രൂപ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്.

  2011 ൽ ഉല്പാദനം ആരംഭിച്ച ബീറ്റാലാക്ടം പ്ലാന്റിന് WHO GMP അംഗീകാരം ലഭിക്കുകയും രാജ്യാന്തര വിപണനത്തിന് തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

- **കെൽട്രോണിനെ** നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് വികസനപദ്ധതി ലക്ഷ്യമിടുന്നത്. 2017-18-ൽ ബഡ്ജറ്റിൽ നിന്നും ഉൽപ്പാദന സൗകര്യങ്ങളുടെ നവീകരണവും വിപുലീകരണത്തിനുമായ 10 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 കോടി രൂപ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതിനടത്തിപ്പിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. സോളാർ പാനൽ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്മാർട്ട് മീറ്ററുകൾ നിർമ്മിക്കുന്നതിനായി സാങ്കേതിക പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഡിഫൻസ് ഇലക്ട്രോണിക്സ് ഉൽപ്പാദന മേഖലയ്ക്ക് ആവശ്യമായ പദ്ധതികൾ വിപുലമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ വിവിധ

യൂണിറ്റുകളിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുക.

- കണ്ണൂരുള്ള **കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിൻെറ** കപ്പാസിറ്റർ നിർമ്മാണത്തിനുള്ള സൗകര്യങ്ങളുടെ വിപുലീകരണത്തിൻെറയും നവീകരണത്തിൻെറയും ഭാഗമായി 10 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി പദ്ധതി നടത്തിപ്പിൻെറ നടപടികൾ സ്വീകരിച്ചുവരുന്നു.

- ആലപ്പുഴയിലെ **ഓട്ടോകാസ്റ്റിൽ** സ്റ്റീൽ കാസ്റ്റിംഗ് പദ്ധതിയും സാൻഡ് റിക്ലമേഷൻ പദ്ധതിയും പൂർത്തികരിച്ചുവരുന്നു. നിലവിലുള്ള പ്ലാൻറിൻെറ നവീകരണത്തിനും, റയിൽവേ ബോഗീ ഫ്രെയിം നിർമ്മാണത്തിനായും 2017-18ൽ 10 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും തുക ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ടെണ്ടർ നടപടികളും അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

- **കേരളാ സിറാമിക്സ് ലിമിറ്റഡിൽ** കമ്പനിയുടെ നവീകരണത്തിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനായും 2017-18ൽ അനുവദിച്ച 23 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവർത്തനങ്ങളും ഖനനഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി 5 കോടി രൂപ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്.

- **യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ** ആധുനികവത്ക്കരണത്തിൻെറ ഭാഗമായി കെ.എസ്.ഇ.ബിയ്ക്കും, ഇതര സംസ്ഥാനങ്ങൾക്കും ഉതകുന്ന പുതുതലമുറ മീറ്ററുകളുടെ നിർമ്മാണവും, എൽ.ഇ.ഡി ലൈറ്റുകളുടെ നിർമ്മാണവും പരിഗണനയിലാണ്. ഇതിനായി 4 കോടിരൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 കോടി രൂപ കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൻെറ ഭാഗമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- **ട്രാവൻകൂർ സിമൻസ് ലിമിറ്റഡ്:** പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങളാൽ വെള്ള സിമൻറ് ഉൽപ്പാദനം നിലച്ചിരിക്കുന്നതിനാൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 10 ലക്ഷം ടൺ ഗ്രേ സിമൻറ് ഉൽപാദിപ്പിക്കുന്നതിനുള്ള 175 കോടി രൂപയുടെ പദ്ധതിയുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

- **കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്** ഐ.എസ്.ആർ.ഒയിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി മെഷീൻ ഷോപ്പ് സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തുവരുന്നു. 2017-18ലെ ബഡ്ജറ്റിൽ അനുവദിച്ച 7 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഭാവിയിലെ വിപണി മുന്നിൽകണ്ടുകൊണ്ട് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൻെറ വികസനത്തിനായി

കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി, കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

- **സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിൽ** ഹീറ്റ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള 12.50 കോടിരൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം 2016-17-ൽ നൽകുകയും അതിൽ സർക്കാർ വിഹിതമായ 9 കോടി രൂപയിൽ 4.50 കോടിരൂപ 2017-18-ൽ ലഭ്യമാക്കുകയും ബാക്കി 4.50 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

- **ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ** നൂതനമായ ഫർണിച്ചർ ഉൽപ്പന്നങ്ങളുടെ വികസനത്തിനായുള്ള ഒരു പദ്ധതി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടിരൂപയുടെ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1 കോടി രൂപ കമ്പനിയ്ക്ക് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ